# ചികിത്സാ ചെലവ് വർദ്ധിക്കുന്നു രോഗികൾ ആത്മഹത്യയുടെ പാതയിൽ

**പി.എസ്.കുമാർ.**

ഇന്ത്യയിലെ ഏറ്റവും ഉയർന്ന രോഗസാന്ദ്രതയുള്ള സംസ്ഥാനമാണ് ഇന്നു കേരളം. (അതിനുള്ള കാരണങ്ങൾ പലതാണ് - അത് ഈ കുറിപ്പിൽ പർച്ച ചെയ്യാനുദ്ദേശിക്കുന്നില്ല). രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം, പക്ഷാഘാതം, ക്യാൻസർ,ആസ്ത്മ, എല്ലുരോഗങ്ങൾ, വൃക്ക രോഗങ്ങൾ എന്നിങ്ങനെ വിദഗ്ധ ചികിത്സ ആവശ്യമായ രോഗങ്ങൾ മറ്റൊരിടത്തും കാണാത്ത രീതിയിൽ വ്യാപകമാണ് കേരളത്തിൽ. ഈ പ്രത്യേക അവസ്ഥാവിശേഷം സാമൂഹികവും സാമ്പത്തികവുമായ മേഖലകളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിത്തുടങ്ങിയിരിക്കുകയാണ് ഇപ്പോൾ.

**അന്യന്റെ വേദനകളേയും ദുരിതങ്ങളേയും കച്ചവടം ചെയ്തു കാശുണ്ടാക്കുന്ന ദയയും കാരുണ്യവും ലവലേശം അവശേഷിക്കാത്ത, ചെകുത്താന്റെ ഹൃദയമുള്ള ഒരു പറ്റം മനുഷ്യമൃഗങ്ങളായി കേരളീയർ മാറിക്കൊണ്ടിരിക്കുന്നു എന്നത് നമ്മൾ നടുക്കത്തോടെ ഉൾക്കൊള്ളേണ്ട ഒരു സത്യമാണ്.**

കൃഷിയിൽനിന്നോ കച്ചവടത്തിൽനിന്നോ സർക്കാരിന്റെ കീഴിലോ സ്വകാര്യ മേഖലയിലോ ഉള്ള ഏതെങ്കിലും ഇടത്തരം ജോലിയിൽ നിന്നോ ലഭിക്കുന്ന വരുമാനവുമായി ഒരു തരത്തിൽ ജീവിതം വലിച്ചുമുന്നോട്ടു നീക്കിക്കൊണ്ടിരിക്കുന്ന ഒരു സാധാരണ കേരളീയന്, അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ ഒരംഗത്തിന്, മേൽപറഞ്ഞ ഒരു രോഗം വന്നാൽ എന്താണ് സംഭവിക്കുന്നത്? സമൂഹത്തിൽ ദയയോ സാന്ത്വനമോ അയാൾക്ക് ലഭിക്കുന്നില്ല എന്നു മാത്രമല്ല, അയാളുടെ രോഗത്തെ ഉപയോഗപ്പെടുത്തി സമ്പത്ത് മുഴുവൻ തട്ടിയെടുക്കാനുള്ള ഒരു സംഘടിത ശ്രമം നടത്തുകയും ചെയ്യുന്നു.

ചികിത്സ ചെയ്യാൻ തനിക്കു ലഭിച്ച വൈദഗ്ധ്യത്തെ വരദാനമായി കാണുകയും ചികിത്സയെ പ്രതിഫല മോഹമില്ലാതെ സത്കർമമായി അനുഷ്ഠിക്കുകയും ചെയ്തുവന്നിരുന്ന രോഗശുശ്രൂഷകരെ നമുക്കിനി മറക്കാം. ഇപ്പോൾ ചികിത്സകൻ, രക്തദാഹിയായ ഒരു കിരാതനാണ്. മുന്നിൽ വന്നുപെടുന്ന രോഗിയെ ഏതെല്ലാം ടെസ്റ്റുകളിലൂടെ കടത്തി വിടാം, എത്ര മരുന്നുകൾ തീറ്റിക്കാം, അങ്ങിനെ എത്ര കമ്മീഷൻ തനിക്കു കൈപ്പറ്റാം എന്നു മാത്രം ചിന്തിക്കുന്ന ഡോക്ടർമാരെ ഇന്നുള്ളൂ.

രക്ത പരിശോധന, ഇ.സി.ജി.,എക്സ്റേ, ബയോപ്സി, എൻഡോസ്കോപ്പി, സ്കാനിംഗ് എന്നിങ്ങനെ ഒരു നാല് -അഞ്ച് ടെസ്റ്റുകളിലൂടെ കടത്തിവിട്ട ശേഷം മാത്രമേ രോഗം എന്താണെന്നു ഡോക്ടർ പ്രഖ്യാപിക്കൂ. വൈദ്യശാസ്ത്രരംഗത്തുണ്ടാകുന്ന പുതിയ ഓരോ കണ്ടുപിടുത്തവും കേരളത്തിലെ രോഗികൾക്ക് പുതിയ ഭാരങ്ങളായാണ് അനുഭവപ്പെടുന്നത്. ബ്ലേഡ് കമ്പനി മുതലാളിമാരും ചാരായ കോൺട്രാക്ടർമാരും പരസ്പരം വാദിച്ച് പുതിയ ആശുപത്രികൾ തുറക്കുകയാണ്. രോഗികളെ കഴിയാവുന്നത്ര അവഗണിച്ചും ദ്രോഹിച്ചും സർക്കാരാശുപത്രികൾ രോഗികളെ സ്വകാര്യ ആശുപത്രിയിലേക്ക് ഓടിക്കുകയും ചെയ്യുന്നു. സ്വകാര്യആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള ഓരോ ഉപകരണവും ഉപയോഗിച്ച് രോഗിക്കുമേൽ ടെസ്റ്റ് നടത്താൻ അവിടുത്തെ ഡോക്ടർമാർക്ക് പ്രത്യേകം കമ്മീഷനും ലഭിക്കുന്നു. അങ്ങിനെ, ക്യാൻസറോ, വൃക്ക രോഗമോ പോലുള്ള ഒരു രോഗം ബാധിച്ച ഒരു ഇടത്തരക്കാരന് രോഗം ചികിത്സിക്കാനായി (മാറുമെന്ന ഉറപ്പില്ലതാനും) താൻ സമ്പാദിച്ച മുഴുവൻ സമ്പാദ്യവും തുലയ്ക്കേണ്ട ഒരവസ്ഥ വരുന്നു.

ആശുപത്രികൾക്കും അവിടുത്തെ ചികിത്സകർക്കും പുറമേ മറ്റൊരു കൂട്ടരും കൂടി രംഗത്തുണ്ട് രോഗിയെ 'സഹായിക്കാൻ' - പലിശയ്ക്കു പണം കൊടുക്കുന്നവർ. സാധാരണ ഗതിയിൽ, ചികിത്സയ്ക്കായി മൊത്തം എത്ര തുക വരുമെന്നറിയാത്ത രോഗിയും കുടുംബവും ആദ്യഘട്ട ചികിത്സയ്ക്കായി പലിശയ്ക്കാണ് കടം വാങ്ങുക. കടം വാങ്ങിയ തുക[illegible] പലിശയും കൊടുക്കാനാവാതെ വരികയും ചികിത്സയ്ക്ക് പിന്നെയും പിന്നെയും പണം വേണ്ടിവരികയും ചെയ്യുന്ന അവസ്ഥയിലാണ് താനകപ്പെട്ടിരിക്കുന്ന അവസ്ഥയുടെ ഭീകരത രോഗിക്കു മനസിലാകുക. അതോടെ, സ്വത്ത് പലിശപ്പണക്കാരന് കിട്ടിയ വിലക്ക് വിറ്റ്, അതുവരെയുള്ള കടവും തീർത്ത്, ബാക്കി ശേഷം ചികിത്സയ്ക്കും മാറ്റിവച്ച് രോഗി പാപ്പരാവും. ഒരു വ്യക്തിയുടെ രോഗം, തരക്കേടില്ലാത്ത നിലയിൽ കഴിഞ്ഞിരുന്ന ഒരു കുടുംബത്തെ മുഴുവൻ തകർത്തു തരിപ്പണമാക്കുന്ന സംഭവങ്ങൾ, കേരളത്തിൽ വ്യാപകമായിവരികയാണ്.

ഈ അവസ്ഥ മറ്റൊരു പ്രവണതയ്ക്കു തുടക്കം കുറിച്ചിരിക്കുകയാണ്. രോഗം എന്താണെന്നു തിരിച്ചറിഞ്ഞു കഴിഞ്ഞാൽ സ്വയം ജീവിതമവസാനിപ്പിച്ച് കുടുംബത്തെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നവരുടെ എണ്ണം വർഷം തോറും വർധിച്ചുവരികയാണ്. ചികിത്സ ഒരു ഘട്ടം വരെ മുന്നേറി കഴിഞ്ഞു, രോഗം മാറുകയുമില്ല സമ്പത്ത് നഷ്ടപ്പെടുകയും ചെയ്തു എന്നു തിരിച്ചറിയുമ്പോൾ,കുടുംബം ഒന്നടങ്കം ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും വ്യാപകമാവുകയാണ്.

ലഭ്യമായ സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നത് കേരളത്തിൽ നടക്കുന്ന ആത്മഹത്യകളുടെ പിറകിലെ ഏറ്റവും പ്രധാനപ്പെട്ട കാരണം മാറാരോഗങ്ങളാണെന്നാണ്. 94 മുതൽ 96 വരെയുള്ള മൂന്നു വർഷങ്ങളിൽ മാത്രം മൂവായിരത്തി അഞ്ഞൂറിലേറെ പേർ ഇത്തരത്തിൽ ആത്മഹത്യയിലഭയം കണ്ടെത്തുകയുണ്ടായി (തുടർന്നുള്ള വർഷങ്ങളിലെ കണക്കുകൾ ലഭ്യമായിട്ടില്ല). ഇന്ന് ഓരോ ദിവസവും ശരാശരി നാലു പേർ വീതം **ചികിത്സയുടെ സാമ്പത്തിക ബാധ്യത താങ്ങാനാവാതെ ആത്മഹത്യ ചെയ്യുന്ന അവസ്ഥയാണ് കേരളത്തിൽ.**

മരുന്നുകളുടെ വിലയാകട്ടെ സാധാരണക്കാരന് കയ്യെത്താ ദൂരത്തിലേക്ക് കുതിക്കുകയാണ്. ആശുപത്രി മുതലാളിമാരും ഡോക്ടർമാരും മരുന്നു നിർമാണ കമ്പനിക്കാരും ഒപ്പം സർക്കാരും ഈ നരഹത്യയ്ക്കു കാരണക്കാരാണ്.

രോഗങ്ങൾ പെരുകുകയും ചികിത്സ ദിനംതോറും കയ്യെത്താദൂരത്തേക്കു അകന്നു പോകുകയും ചെയ്യുന്ന ഈ ദുഷിതാവസ്ഥ സമൂഹത്തിന്റെ വിശദമായ പരിഗണനയ്ക്കു വിധി നിർണയത്തിനും വിധേയമാവാൻ ഇനിയും വൈകിക്കൂടാ.